**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2210** **21-06-2024 - ൽ മറുപടിയ്ക്ക്**

**ആശുപത്രികളിൽ ജീവനക്കാരുടെ ഹാജർ നില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള വിവിധ ആശുപത്രികളിൽ ജോലി ചെയ്തുവരുന്ന ഡോക്ടർമാർ, നേഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിൽപ്പെട്ട ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലം ആശുപത്രികളിൽ വരുന്ന ആളുകൾ വിവിധതരം സേവനങ്ങൾക്കായി ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പ്രതിസന്ധി പരിഹരിച്ച് ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (എ) | ആരോഗ്യ വകുപ്പിനു കീഴിൽ ജോലി ചെയ്തു വരുന്ന ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ഹാജർനില രേഖപ്പെടുത്തുന്നതിന് പഞ്ചിംഗ് സംവിധാനത്തിനു പുറമേ അതാത് വിഭാഗങ്ങളിൽ ഹാജർ രേഖപ്പെടുത്തുന്നതിന് അറ്റൻഡൻസ് രജിസ്റ്ററുകൾ ഏർപ്പെടുത്തിയിട്ടുള്ളതും ആയത് വകുപ്പുമേധാവികൾ ഉൾപ്പെടെയുള്ള അധികാരികൾ പരിശോധിച്ചു വരുന്നതുമാണ്. അനധികൃത അവധിയിൽ തുടരുന്ന ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പകരം സംവിധാനം ഒരുക്കി ആശുപത്രികളുടെ സുഗമമായ പ്രവർത്തനം നടത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചു വരുന്നു. ആയതിനാൽ അനധികൃതമായി ജീവനക്കാർ ജോലിക്ക് ഹാജരാകാതിരിക്കുന്നതുമൂലം ഉള്ള പ്രശ്നങ്ങൾ അനുഭവപ്പെടുന്നില്ല.<br><br>കൂടാതെ മെച്ചപ്പെട്ട രോഗീപരിചരണം ഉറപ്പുവരുത്തുന്നതിനായി ബോണ്ടഡ് സ്റ്റാഫ് നഴ്സ്, ആശുപത്രി വികസന സമിതി ജീവനക്കാർ, കുടുംബശ്രീ ജീവനക്കാർ, എൻ.എച്ച്.എം ജീവനക്കാർ, വിവിധ സ്കീമുകളിൽ ജോലി ചെയ്യുന്നവർ എന്നിവരെ ഉപയോഗിച്ചു കൊണ്ട് ആശുപത്രികളിൽ വരുന്ന രോഗികൾക്ക് മികച്ച സേവനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ